# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5255** 02.07.2013-ൽ മറുപടിക്ക്

**കേന്ദ്രചിട്ടിനിയമം നടപ്പാക്കുവാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്.ശർമ്മ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ചിട്ടിനിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിരിക്കുന്ന സാഹചര്യത്തിൽ എല്ലാ ചിട്ടികളും നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | സംസ്ഥാനത്തെ മുഴുവൻ ചിട്ടികളും രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ ജീവനക്കാർ രജിസ്ട്രേഷൻ വകുപ്പിൽ ഇല്ലെന്ന കാര്യം വകുപ്പുതലത്തിലോ സർക്കാർ തലത്തിലോ വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | വ്യാജ ചിട്ടികളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര ചിട്ടി നിയമം കർശനമായും ഫലപ്രദമായും സംസ്ഥാനത്ത് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) | വ്യാജചിട്ടികളെ നിയന്ത്രിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ ആഭ്യന്തര വകുപ്പിനും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നടപടികൾ കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന-ജില്ലാതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുന്ന വിഷയവും പരിശോധിച്ച് വരുന്നു. |
| (ഡി) | കേന്ദ്ര ചിട്ടിനിയമം നടപ്പാക്കുന്നതിനായി ആവശ്യമായ തസ്തികകൾ രജിസ്ട്രേഷൻ വകുപ്പിൽ സൃഷ്ടിക്കുന്നതിനുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (ഡി) | പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച ശുപാർശ ധനകാര്യ വകുപ്പ് പരിശോധിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ